## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 3425 — 14.10.2011 -ൽ മറുപടിയ്ക്ക്

## റോഡുവികസനത്തിനായി മരം മുറിച്ചുമാറ്റൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ലതിക | | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| എ) | റോഡുവികസനത്തിനുവേണ്ടി മരങ്ങൾ മുറിച്ചുമാറ്റുവാൻ വനം വകുപ്പിന്റെ അനുമതി ആവശ്യമാണോ; | എ) | ആവശ്യമാണ് |
| ബി) | എങ്കിൽ ഇതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | ബി) | പൊതു സ്ഥലങ്ങളിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിന് അപേക്ഷ, ടി മരങ്ങൾ നിൽക്കുന്ന സ്ഥലത്തിന്റെ മേലധികാരികൾ കമ്മിറ്റി കൺവീനറായ ജില്ലാ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് സമർപ്പിക്കുകയും ടി അപേക്ഷയിന്മേൽ അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മേധാവിയുടെ അദ്ധ്യക്ഷതയിൽ കമ്മിറ്റി തീരുമാനം എടുക്കുകയും, ടി തീരുമാനം അപേക്ഷകനെ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്റർ രേഖാമൂലം അറിയിക്കുകയും ചെയ്യുന്നു. പ്രസ്തുത കമ്മിറ്റിയിൽ അതാത് കൗൺസിലർമാർ, പഞ്ചായത്ത് പ്രസിഡന്റുമാർ, ടൗൺപ്ലാനർ, സർക്കാർ ഉത്തരവുപ്രകാരമുള്ള സന്നദ്ധ സംഘടന പ്രതിനിധികൾ എന്നിവർ അംഗങ്ങളാണ്. |

സെക്ഷൻ ഓഫീസർ